എം.എസ്.എ റസാഖ്

# ജീവിത വിജയനിദാനങ്ങൾ

عَنْ عَبْدِ اللَّهِ بْنِ عَمْرِو بنِ العَاصِ رَضِيَ اللّٰه عَنْهُ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : أَرْبَعٌ إِذَا كُنَّ فِيكَ فَلَا عَلَيْكَ مَا فَاتَكَ مِنْ الدُّنْيَا: حِفْظُ أَمَانَةٍ وَصِدْقُ حَدِيثٍ وَحُسْنُ خَلِيقَةٍ وَعِفَّةٌ فِي طُعْمَةٍ

**അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വി(റ)ൽനിന്ന് നിവേദനം. അല്ലാഹുവിന്റെ ദൂതൻ അരുളി: "നാലു കാര്യങ്ങൾ നിന്നിൽ ഉണ്ടായാൽ ദുൻയാവിൽ എന്ത് നഷ്ടപ്പെട്ടാലും നിനക്ക് ഒരു പ്രശ്നവുമാകുന്നതല്ല. ഉത്തരവാദിത്തങ്ങൾ സൂക്ഷിക്കൽ, സംസാരത്തിൽ സത്യസന്ധത, സൽസ്വഭാവം, ശുദ്ധമായ ഭക്ഷണം" (അഹ്മദ്. ശൈഖ് അൽബാനി 'സിൽസിലത്തുൽ അഹാദീസിസ്സ്വഹീഹ'യിൽ ഉദ്ധരിച്ചത്).**

ഐഹികജീവിത വിജയത്തിന് നിദാനമായ നാലു കാര്യങ്ങൾ പഠിപ്പിക്കുകയാണ് നബി(സ). ഈ നാലു കാര്യങ്ങൾ ഒരാളിൽ സമ്മേളിച്ചാൽ പിന്നെ ദുൻയാവിൽ മറ്റെന്ത് നഷ്ടപ്പെട്ടാലും അതിൽ യാതൊരു പ്രശ്നവുമുണ്ടായിരിക്കുകയില്ല. അഥവാ, ഈ നാല് കാര്യങ്ങൾ ദുൻയാവിനു പകരം നിൽക്കുന്നതായിരിക്കും. ഇക്കാര്യങ്ങളുടെ പ്രാധാന്യമാണിത് സൂചിപ്പിക്കുന്നത്. ഉത്തരവാദിത്തങ്ങൾ, വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങൾ, വിശ്വസ്ത ദൗത്യം എന്നിവ യഥാവിധി നിർവഹിക്കുക, അതിൽ വീഴ്ചയോ അമാന്തമോ വരുത്താതിരിക്കുക, അതിന്റെ ഗൗരവം ചോർത്തിക്കളയുംവിധം കാലവിളംബം വരുത്താതിരിക്കുക, അവയുടെ നിർവഹണത്തിൽ ഉദാസീന മനോഭാവം വെടിയുക. ആകാശഭൂമികളും പർവതങ്ങളും ഏറ്റെടുക്കാൻ വിസമ്മതിച്ചതും അല്ലാഹു ഏൽപിച്ചതുമായ ഉത്തരവാദിത്തമാണ് (അമാനത്ത്) ഏറ്റെടുത്ത മനുഷ്യൻ (*അൽ അഹ്സാബ്* 72) അവ നിർവഹിക്കുന്നുണ്ടോ എന്ന് അല്ലാഹു നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു ഏൽപിച്ച ഉത്തരവാദിത്തങ്ങളും സമസൃഷ്ടികളോടുള്ള ഉത്തരവാദിത്തങ്ങളുമാണ് ഇതുകൊണ്ട് ഉദ്ദേശ്യമെന്ന് ഇമാം 'മുനാവി' തന്റെ 'ഫൈദുൽ ഖദീറി'ൽ രേഖപ്പെടുത്തുന്നു. ഇബാദത്തുകളുടെ അനുഷ്ഠാനം, അവയവങ്ങളുടെ പ്രവൃത്തി, ഉത്തരവാദിത്തങ്ങളുടെ നിർവഹണം തുടങ്ങിയവയിലും കൊള്ളക്കൊടുക്കലുകളിലും രഹസ്യങ്ങളുടെ സൂക്ഷിപ്പുകളിലും സംസാരത്തിലും വിശ്വസ്തത പാലിക്കൽ അടക്കം അമാനത്തുകളുടെ മേഖല വിശാലമാകുന്നു. 'അമാനത്തുകൾ നിറവേറ്റണമെന്ന് നബി (സ) വിടവാങ്ങൽ പ്രസംഗത്തിലും വസ്വിയ്യത്ത് ചെയ്യുകയുണ്ടായി' (അഹ്മദ്, ദാരിമി). അമാനത്ത് ലംഘിക്കുന്നവൻ എന്നിൽപെട്ടവനല്ലെന്നും നബി(സ) അറിയിക്കുകയുണ്ടായി. അവിടുന്ന് അരുളി: "ആറ് കാര്യങ്ങൾ എനിക്ക് നിങ്ങൾ ഉറപ്പു നൽകിയാൽ നിങ്ങൾക്ക് സ്വർഗം ലഭിക്കുമെന്ന് ഞാൻ ഉറപ്പ് നൽകാം. സംസാരിച്ചാൽ സത്യസന്ധമായി സംസാരിക്കുക, വിശ്വസിച്ചേൽപിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റുക...." (അഹ്മദ്). "നിങ്ങളുടെ ദീനിൽനിന്ന് ആദ്യമായി നഷ്ടപ്പെടുന്നത് വിശ്വസ്തതയും അവസാനത്തേത് നമസ്കാരവുമായിരിക്കും" (ത്വബറാനി).

ജീവിതത്തിലുടനീളം സത്യം മാത്രം പറയുകയും സത്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കുകയും ചെയ്യണമെന്ന് ഇസ്ലാം മനുഷ്യരോട് ആവശ്യപ്പെടുന്നു. അത്തരക്കാർക്ക് മാത്രമേ ആത്യന്തികമായി ഇഹപര വിജയം വരിക്കാൻ കഴിയൂ. സത്യം പറയുന്നിടത്ത് അവനവൻ പ്രതിനിധാനം ചെയ്യുന്ന ആദർശത്തിന്റെ പ്രതിഫലനമാണ് നാം കാണുന്നത്. സത്യസന്ധരെ ഏവരും സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യും. അല്ലാത്തപക്ഷം ജനമവനെ തള്ളിക്കളയും. പ്രവാചകൻ അരുൾ ചെയ്തു: "ഒരു മനുഷ്യനിൽ ഈമാനും ദൈവനിഷേധവും, സത്യസന്ധതയും കളവും, വഞ്ചനയും വിശ്വാസ്യതയും സമ്മേളിക്കുകയില്ല" (ദാരിമി). "അല്ലാഹുവും റസൂലും നിങ്ങളെ സ്നേഹിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ മൂന്ന് കാര്യങ്ങൾ നിങ്ങൾ സൂക്ഷിച്ചു നിലനിർത്തുക. സംസാരത്തിൽ സത്യസന്ധത, ഉത്തരവാദിത്തനിർവഹണം, നല്ല അയൽപക്ക ബന്ധം" (ത്വബറാനി). "സത്യസന്ധത പുണ്യത്തിലേക്കും പുണ്യം സ്വർഗത്തിലേക്കും നയിക്കും. കളവ് തെറ്റിലേക്കും തെറ്റ് നരകത്തിലേക്കും നയിക്കും" (ബുഖാരി, മുസ്ലിം). ലോകാവസാനത്തിന്റെ അടയാളങ്ങളിൽപെട്ടതായി നബി(സ) പറഞ്ഞത്, നാശവും കുഴപ്പവും (ഫിത്ന) പ്രത്യക്ഷപ്പെടുകയും കളവു പറയൽ വർധിക്കുകയും ചെയ്യും എന്നതാണ്.

ജീവിത വിജയത്തിനുള്ള മൂന്നാമത്തെ ഉപാധിയായി നബി(സ) പറയുന്നത് സൽസ്വഭാവമാകുന്നു. സൽസ്വഭാവികൾക്കു മാത്രമേ അല്ലാഹുവിന്റെ സന്നിധിയിലും മനുഷ്യർക്കിടയിലും അംഗീകാരം നേടാൻ കഴിയൂ. നബി (സ) നിയോഗിതനായതുതന്നെ സൽസ്വഭാവങ്ങളുടെ പൂർത്തീകരണത്തിനാണ്. അവിടുന്ന് പറഞ്ഞു: "അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തേക്കാൾ ഘനം തൂങ്ങുന്ന മറ്റൊന്നില്ല" (തിർമിദി). ഉത്തമ സ്വഭാവം കൊണ്ട് നമസ്കരിക്കുന്നവന്റെയും നോമ്പനുഷ്ഠിക്കുന്നവന്റെയും പ്രതിഫലം നേടാം. "അന്ത്യദിനത്തിൽ നിങ്ങളിൽ വെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരും സ്ഥാനം കൊണ്ട് എന്നോട് കൂടുതൽ അടുത്തവരും നിങ്ങളിൽ വെച്ച് ഏറ്റവും ഉത്തമ സ്വഭാവമുള്ളവരാകുന്നു" (തിർമിദി).

ഇസ്ലാമിക വീക്ഷണത്തിൽ ഐഹിക ജീവിതത്തിനു പകരം നിൽക്കുന്ന നാലാമത്തെ കാര്യമാണ് ശുദ്ധമായ ഭക്ഷണം. ശുദ്ധമായ ഭക്ഷണം എന്നതുകൊണ്ട് അർഥമാക്കുന്നത്, ഹലാലായ മാർഗത്തിലൂടെ സമ്പാദിക്കുകയും ഹലാലായതുമാത്രം ഭക്ഷിക്കുകയും, ഹറാമായ മാർഗത്തിലൂടെ സമ്പാദിക്കാതിരിക്കുകയും ഹറാമായത് ഭക്ഷിക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. സ്വയം ഭക്ഷിക്കുന്നതും സ്വന്തക്കാരെയും കുടുംബത്തെയും ഭക്ഷിപ്പിക്കുന്നതും ഹലാലായ ഉപജീവനമാർഗത്തിലൂടെ സമ്പാദിച്ചത് മാത്രമായിരിക്കണം. സംശയാസ്പദമായ സമ്പാദ്യങ്ങളിൽനിന്ന് അകന്നുനിൽക്കുകയും ചെയ്യണം. പലിശ, വഞ്ചന, ചതി, പൂഴ്ത്തിവെപ്പ്, തട്ടിപ്പ്, അനർഹമായത് നേടിയെടുക്കൽ തുടങ്ങിയ വഴികളിലൂടെയുള്ള മുഴുവൻ സമ്പാദ്യങ്ങളും ഉപേക്ഷിച്ചുകൊണ്ട് അർഹവും അനുവദനീയവുമായ മാർഗങ്ങളിലൂടെ ഉപജീവനം തേടുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. കാരണം നബി(സ) പറയുകയുണ്ടായി: "ലജ്ജാബോധവും സമ്പാദ്യങ്ങളിലെ വിശുദ്ധിയും ഈമാനിന്റെ ഭാഗമാകുന്നു." പൂർവികർ (സലഫുകൾ) പറഞ്ഞു: "ഏതൊരുവന്റെ പ്രാർഥന അല്ലാഹു സ്വീകരിക്കണമെന്ന് ആഗ്രഹിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നുവോ എങ്കിൽ അവൻ തന്റെ ഭക്ഷണം ഹറാം മുക്തവും ശുദ്ധവുമായിരിക്കാൻ നിഷ്കർഷ പുലർത്തിക്കൊള്ളട്ടെ." ●